പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം. 1315

03/12/2018- ൽ

മറുപടിയ്ക്ക്

## പ്രളയത്തിൽ തകർന്ന സ്കൂൾ കെട്ടിടങ്ങളുടെ പുനർനിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ ആർ. രാമചന്ദ്രൻ | പ്രൊഫ. സി.രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തുണ്ടായ പ്രളയത്തിൽ പൂർണ്ണമായും തകർന്ന സ്കൂൾ കെട്ടിടങ്ങളുടെ എണ്ണം വ്യക്തമാക്കുമോ ; അവയുടെ പുനർ നിർമ്മാണത്തിനായി പ്രത്യേകം പാക്കേജ് നടപ്പിലാക്കുമോ ; വിശദമാക്കുമോ ; | (എ) സംസ്ഥാനത്തുണ്ടായ പ്രളയത്തിൽ 5 സ്കൂളുകൾ പൂർണ്ണമായി തകർന്നിട്ടുണ്ട്. പ്രസ്തുത സ്കൂളുകളുടെ പുനർ നിർമ്മാണത്തിനായുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) പ്രളയത്തിൽ നശിച്ച സ്കൂൾതല രേഖകൾ , അഡ്മിഷൻ രജിസ്റ്റർ തുടങ്ങിയവ പുനർ നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കി യിട്ടുണ്ടോ ; അതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത് എന്ന് വിശദമാക്കുമോ ; | (ബി) ഉണ്ട്. പ്രളയത്തിൽ നശിച്ച സ്കൂൾതല രേഖകൾ, അഡ്മിഷൻ രജിസ്റ്റർ തുടങ്ങിയവ പുനർനിർമിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുവാനും ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും ഇതിനകം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |
| (സി) പ്രളയത്തിൽ പൂർണ്ണമായും തകർന്ന സ്കൂളുകളിലെ വിദ്യാർത്ഥികളുടെ തുടർപഠനത്തിന് താല്ക്കാലിക സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (സി) ഉണ്ട്. പ്രളയത്തിൽ പൂർണ്ണമായും തകർന്ന വയനാട് ജില്ലയിലെ കുറിച്ചിയാർമല ഗവൺമെന്റ് എൽ.പി.എസ് മേൽമുറിയിലെ ഫിയാത്തുൽ ഇസ്ലാം മദ്രസ്സ കെട്ടിടത്തിലും, മക്കിമല ഗവൺമെന്റ് എൽ.പി.സ്കൂളിലെ 2 ക്ലാസ്സ് മുറികൾ സിറാജിൻ സുന്നി മദ്രസ്സ കെട്ടിടത്തിലും മറ്റ് രണ്ട് ക്ലാസ്സ് മുറികൾ വനം വകുപ്പിന്റെ |

വനം സംരക്ഷണ സമിതി കെട്ടിടത്തിലും,

ഇടുക്കി ജില്ലയിലെ ആനവിരട്ടി ഗവൺമെന്റ് എൽ.പി.എസ് പൂപ്പൻപാറ യാക്കോബാ പള്ളിയുടെ പ്രത്യാശാ ഭവൻ എന്ന കെട്ടിടത്തിലും ,

കാസർഗോഡ് ജില്ലയിലെ ഭാവിക്കര ഗവൺമെന്റ് എൽ.പി.എസ് മുഖിനിൽ ഇസ്ലാം മദ്രസ്സ കെട്ടിടത്തിലും താൽക്കാലികമായി പ്രവർത്തിച്ച് വരുന്നു.

പാലക്കാട് ജില്ലയിലെ പെരുവമ്പ ഗവൺമെന്റ് എൽ.പി.എസ് 29/08/2018 മുതൽ 25/11/2018 വരെ തൊട്ടടുത്ത സി.എ.എച്ച്.എസ് പെരുവമ്പ എയ്ഡഡ് സ്കൂളിൽ താൽക്കാലികമായി പ്രവർത്തിക്കുകയും 26/11/2018 മുതൽ ടി സ്കൂളിന്റെ പഴയ സ്ഥലത്ത് തന്നെ പുതിയ കെട്ടിടത്തിൽ പ്രവർത്തിച്ചു വരികയും ചെയ്തുവരുന്നു .

Namitha

സെക്ഷൻ ഓഫീസർ